# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 681 — 07.01.2014 ൽ മറുപടിയ്ക്ക്

### പാറ പൊട്ടിക്കുന്നതിനുള്ള പെർമിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സ്വകാര്യ-സർക്കാർ ഭൂമികളിൽ നിന്ന് പാറ പൊട്ടിക്കുന്നതിന് പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സ്വകാര്യ ഭൂമിയിൽ നിന്ന് പാറ പൊട്ടിക്കുന്നതിന് സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, സർവ്വേ മാപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി മൈനിംഗ് & ജിയോളജി വകുപ്പ്/റവന്യു വകുപ്പ് അനുവദിക്കുന്ന 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരമുള്ള പെർമിറ്റും എക്സ്പ്ലോസീവ് ലൈസൻസും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മതവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസും ഒരു ക്വാറി പ്രവർത്തനത്തിന് ആവശ്യമാണ്. ഇതിനുപുറമേ എൻവയോൺമെന്റൽ ക്ലിയറൻസുകൂടി ലഭ്യമാക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഈയിടെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ ഭൂമിയിലെ പാറ ഖനനം ചെയ്യുന്നതിന് സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റിനു പകരം റവന്യു വകുപ്പിൽ നിന്നുള്ള എൻ.ഒ.സി ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | പാറ പൊട്ടിക്കുന്നതിന് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ; | (ബി) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരമുള്ള ദീർഘകാല ലീസ് അനുവദിക്കുന്നതിന് മൈനിംഗ് & ജിയോളജി ഡയറക്ടർക്കും ഹ്രസ്വകാല പെർമിറ്റ് അനുവദിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്കും ജില്ലാ കളക്ടർമാർക്കും അതാത് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും ബന്ധപ്പെട്ട തഹസീൽദാർമാർക്കും തദ്ദേശ സ്വയംഭരണത്തിന്റെ കൈവശത്തിലുള്ള ഭൂമിയിൽ പെർമിറ്റ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും വനഭൂമിയുടെ സംഗതിയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും അധികാരമുണ്ട്. |
| (സി) | പെർമിറ്റ് കൂടാതെ പാറ പൊട്ടിക്കുന്നത് കണ്ടെത്തിയാൽ നൽകുന്ന ശിക്ഷകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 58(1) പ്രകാരം ഒരു വർഷം തടവോ 5,000 രൂപ പിഴയോ രണ്ടും ചേർന്നതോ ആയ ശിക്ഷ ലഭിക്കാവുന്നതാണ്. കൂടാതെ ഖനനം ചെയ്തു നീക്കം ചെയ്ത പാറയുടെ അളവ് കണക്കാക്കി സ്ഥലമുടമയിൽ നിന്നും റോയൽറ്റി ഈടാക്കാവുന്നതാണ്. സർക്കാർ ഭൂമിയുടെ സംഗതിയിൽ റോയൽറ്റിയുടെ പുറമേ സീനിയറേജ് കൂടി ഈടാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ